DESPATCHED
24/2/23



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

**തിരുവനന്തപുരം–695 001**

Email: sic.ker@nic.in

ഹർജി നമ്പർ **AP 1969(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.14943/SIC-Gen4/2022**

**(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2023 ഫെബ്രുവരി 16**

| | |
|---|---|
| ശ്രീ. കെ.ജി. വേണുഗോപാലൻ,<br>അമ്പാടത്ത്,<br>റോസ് ഗാർഡൻസ്, തിരുവമ്പാടി പി.ഒ.,<br>തൃശ്ശൂർ – 680 022. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,<br>തിരുവനന്തപുരം .<br>2. അപ്പീൽ അധികാരി,<br>പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,<br>തിരുവനന്തപുരം . | എതിർകക്ഷികൾ |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 2.7.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | – |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 16.8.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 12.9.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27.9.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 29.9.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22.10.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 18.11.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 15.2.2023 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എതിർകക്ഷികൾ | ഹാജരായി (വി.സി മുഖേന)<br>ഹാജരായി |

## ഉത്തരവ്

ശ്രീ. കെ.ജി. വേണുഗോപാലൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ 2.7.2022 തീയതി വച്ച് നൽകിയ അപേക്ഷ 4.7.2022–ന് ഒന്നാം എതിർകക്ഷി ഓഫീസിൽ സ്വീകരിച്ചുവെങ്കിലും 16.8.2022 വരെ മറുപടി ലഭ്യമാകാത്തതിനാൽ അന്നേ ദിവസം തന്നെ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു എന്നും ആയതിനുശേഷം 12.9.2022 തീയതി വച്ച് അയച്ച മറുപടി 19.9.2022–ന് ലഭിക്കുകയുണ്ടായി എന്നും

ആയതിനാൽ സമയബന്ധിതമായി വിവരങ്ങൾ നൽകാത്ത എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 2.7.2022–ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, 2021–22 സാമ്പത്തിക വർഷം കേരളത്തിലെ സർക്കാർ എയ്ഡഡ് ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഹൈസ്കൂൾതലം അടക്കമുള്ള സ്കൂളുകൾ എന്നിവിടങ്ങളിൽ ശമ്പളം, അലവൻസുകൾ മുതലായവയ്ക്കായി മൊത്തം ചിലവാക്കിയ തുകയുടെ കണക്ക് വിവരാവകാശ നിയമ പ്രകാരം നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകാത്തതിനെ തുടർന്ന് 16.8.2022–ന് രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ നൽകിയതായി കാണുന്നു. ടി അപ്പീൽ ലഭ്യമായതിനെ തുടർന്ന് 12.9.2022–ന് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ടി കാര്യാലയത്തിൽ ലഭ്യമല്ലെന്നും ഓരോ വകുപ്പിന്റെയും ബഡ്ജറ്റ് ശീർഷകത്തിൽ സർക്കാർ അനുവദിക്കുന്ന തുക ചെലവഴിക്കുന്നത് സംബന്ധിച്ച അന്തിമ കണക്ക് അക്കൗണ്ടന്റ് ജനറൽ ആണ് കൺസോളിഡേറ്റ് ചെയ്ത് റിപ്പോർട്ട് നിയമസഭയിൽ അവതരിപ്പിക്കുന്നത് എന്നും ആയത് ടിയാന് അക്കൗണ്ടന്റ് ജനറലിന്റെ CAG.GOV IN എന്ന സൈറ്റിൽ നിന്നും STATE ACCOUNTS എന്ന ലിങ്ക് മുഖേന ലഭ്യമാകുന്നതാണെന്നാണ്. ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല. രണ്ടാം എതിർകക്ഷി 12.9.2022 ന് നൽകിയ മറുപടിയിൽ അപ്പീൽ അധികാരി എന്ന് രേഖപ്പെടുത്താതെ ഒപ്പ് വച്ചതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ18.11.2022–ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപേക്ഷകൻ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത് 2021–22 സാമ്പത്തിക വർഷം കേരളത്തിലെ സർക്കാർ, എയ്ഡഡ്, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ഹൈസ്കൂൾ അടക്കമുള്ള സ്കൂളുകളിലെ ശമ്പളം, അലവൻസ്, മുതലായവയ്ക്കായി മൊത്തം ചിലവാക്കിയ തുകയുടെ കണക്ക് വിവരങ്ങളാണ് എന്നും പൊതു മണ്ഡലത്തിൽ ലഭ്യമായ വിവരങ്ങളാണ് ആവശ്യപ്പെടുന്നതെങ്കിൽ വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കുവാനും, ലഭ്യമായെങ്കിൽ ആയത് അപേക്ഷകന് ലഭ്യമാക്കുന്നതിനുമുള്ള സഹായ മാർഗ്ഗ നിർദ്ദേശമാണ് ഈ കാര്യാലയത്തിൽ നിന്നും നൽകിയ മറുപടിയിൽ അപേക്ഷകന് നൽകിയിട്ടുള്ളതെന്നും, സർക്കാർ സംവിധാനങ്ങൾ മനസ്സിലാക്കുന്നതിനുള്ള അജ്ഞതമൂലമാണ് ടിയാൻ തെറ്റായ ആരോപണങ്ങൾ ഉന്നയിക്കുന്നതെന്ന് കരുതുന്നു എന്നുമാണ്. ഓരോ സാമ്പത്തിക വർഷത്തിലേയും

ഓരോ വകുപ്പിന്റെയും വരവും ചെലവും അതാത് സാമ്പത്തിക വർഷാവസാനത്തിൽ അക്കൗണ്ടന്റ് ജനറൽ consolidate ചെയ്താണ് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതെന്നും ആയത് വകുപ്പ് മേലധികാരിയുടെ കൈവശമില്ലാ എന്നും ആയത് സർക്കാർ സൈറ്റായ cag.gov.in എന്ന സൈറ്റിലെ state accounts എന്ന ലിങ്കിൽ ലഭ്യമാകുമെന്നാണ് അപേക്ഷകനെ അറിയിച്ചിരുന്നതെന്നുമാണ്.

5. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ആയ ശ്രീമതി. എസ്.എസ്. ബിന്ദുരാജും അപ്പീൽ അധികാരിയും നേരിട്ടും ഹർജിക്കാരൻ വീഡിയോ കോൺഫറൻസിലും ഹിയറിംഗിൽ പങ്കെടുത്തു. ലഭ്യമായ റിപ്പോർട്ടും അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഹർജിക്കാരനെ വീഡിയോ കോൺഫറൻസിൽ കേട്ടതിന്റേയും പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒയേയും അപ്പീൽ അധികാരിയേയും നേരിൽ കണ്ടതിന്റെയും അടിസ്ഥാനത്തിൽ, ഹർജിക്കാരൻ 2.7.2022-ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടില്ല എന്ന് കമ്മീഷന് വ്യക്തമായിട്ടുണ്ട്. 16.8.2022-ൽ ഹർജിക്കാരൻ നൽകിയ അപ്പീൽ അപേക്ഷയിന്മേൽ 12.9.2022-ന് അപ്പീൽ അധികാരി എന്ന് രേഖപ്പെടുത്താതെ മറുപടി നൽകിയതായി കാണുന്നു. എന്നാൽ സെക്ഷനിലെ ഭാരിച്ച ജോലികാരണം ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷ ലഭ്യമല്ലായെന്നതിനാലാണ് മറുപടി നൽകാത്തതെന്ന് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി കമ്മീഷനു മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയെ കുറിച്ച് അറിഞ്ഞില്ലെന്നും, ഹർജിക്കാരനെ ഫോൺ മുഖേന ബന്ധപ്പെട്ടപ്പോൾ മാത്രമാണ് ടിയാന്റെ ആർ.ടി.ഐ അപേക്ഷയെ കുറിച്ച് അറിഞ്ഞതെന്നും, അറിഞ്ഞയുടൻ തന്നെ മറുപടി നൽകിയെന്നുമാണ് കമ്മീഷന് മുമ്പാകെ നേരിൽ കണ്ടവേളയിൽ അപ്പീൽ അധികാരി ബോധിപ്പിച്ചത്. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിലെ വിവരങ്ങൾ കീഴ് ഓഫീസുകളിൽ നിന്നും ശേഖരിച്ച് നൽകേണ്ടതാണെന്ന കാര്യം അറിയില്ലായിരുന്നുവെന്നും അപ്പീൽ അധികാരി വ്യക്തമാക്കുകയുണ്ടായി. ആയതിനാലാണ് വിവരങ്ങൾ website വഴി ലഭിക്കുമെന്ന് സൂചിപ്പിച്ചുകൊണ്ട് പരാതിക്കാരന് മറുപടി നൽകിയത്. പരാതിക്കാരൻ 2.7.2022 ന് സമർപ്പിച്ച ആർ.ടി.ഐ അപേക്ഷയ്ക്ക് മറുപടി നൽകാത്തതിന്റെ കാരണം ഹിയറിംഗ് വേളയിൽ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയോട് ആരാഞ്ഞപ്പോൾ ആയതിന് ജോലിഭാരം എന്ന ഒഴിവുകഴിവാണ് മറുപടിയായി നൽകിയത്. ഇത് ആർ.ടി.ഐ യുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജോലി തിരക്കുകാരണം ഗൗരവമായി കണക്കാക്കി ടി എസ്.പി.ഐ.ഒ ചെയ്യുന്നില്ലായെന്ന കാര്യം കമ്മീഷന് ബോധ്യമായി.

6. മേൽ സാഹചര്യത്തിൽ ആർ.ടി.ഐ അപേക്ഷ കൈകാര്യ ചെയ്യുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ ആയ ശ്രീമതി. എസ്.എസ്. ബിന്ദുരാജ് ശിക്ഷാർഹയാണെന്ന് കമ്മീഷന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി വീഴ്ചയ്ക്ക് കാരണകാരിയായ ടി എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് രേഖാമൂലം കമ്മീഷൻ മുൻപാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടിയാൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുൻപാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാളുടെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്. അപ്പീൽ അധികാരി ടിയാളുടെ മറുപടിയിൽ " അപ്പീൽ അധികാരി " എന്ന് രേഖപ്പെടുത്താതെ നൽകിയ വീഴ്ചയ്ക്ക് മേലിൽ ഇത്തരം തെറ്റ് ആവർത്തിക്കരുതെന്ന് ടിയാളെ ശക്തമായി താക്കീത് ചെയ്യുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ഫെബ്രുവരി 16 -ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd

കമ്മീഷൻ സെക്രട്ടറി

bnk